


*With prayerful Greetings of 85th Birthday &*
*7th Anniversary of the great Pontificate of His Holiness Benedict XXVI*



## അനുസരണക്കേട്
## നവീകരണത്തിനുള്ള മാർഗ്ഗമല്ല - മാർപാപ്പ

“അവർ സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു” (യോഹന്നാൻ 17, 19). ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ ഉച്ചസ്ഥായിയും തന്റെ ശിഷ്യന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയുമാണിത്. ക്രിസ്തുവാണ് സത്യം. ക്രിസ്തുവാണ് വൈദികരെ അഭിഷേചിച്ചിരിക്കുന്നത്. ഈ അഭിഷേചനംവഴി അവിടുന്നു അവരെ എന്നേയ്ക്കും ദൈവത്തിനായി സമർപ്പിച്ചിരിക്കുന്നു. ദൈവസ്നേഹം മനുഷ്യരുമായി പങ്കുവച്ചുകൊണ്ട് പൗരോഹിത്യ ശുശ്രൂഷയിലൂടെ സകലരേയും ദൈവത്തിലേയ്ക്ക് നയിക്കുവാൻ വൈദികർക്കു സാധിക്കണം. അനുദിന ജീവിത യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന്, ക്രിസ്തുവുമായി സാരൂപ്യപ്പെട്ട വ്യക്തികളായി വൈദികർ ലോകസമക്ഷം ജീവിക്കുന്നതാണ് സമർപ്പണം.

സ്വയം പരിത്യജിച്ചും ക്രിസ്തുവിനോട് സാരൂപ്യപ്പെട്ടും പൗരോഹിത്യത്തിലൂടെ ഏറ്റെടുത്തിട്ടുള്ള വ്രതങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും അനുസൃതമായി ജീവിക്കുന്നുണ്ടോ എന്ന് ഈ പെസഹാ നാളിൽ പരിശോധിക്കേണ്ടതാണ്. പൗരോഹിത്യ ജീവിതം ക്രിസ്തുവിനായുള്ള സമർപ്പണമാണ്. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും സ്വയം ദാനമായി നല്കുവാനുമെത്തിയ ക്രിസ്തുവിനോടാണ് പുരോഹിതൻ സാരൂപ്യപ്പെടേണ്ടത്. എനിക്കെന്തു കിട്ടും എന്നതിനേക്കാൾ ക്രിസ്തുവിനായും മറ്റുള്ളവർക്കുമായി എനിക്കെന്തു നല്കാനാവും എന്നാണ് പുരോഹിതൻ ചിന്തിക്കേണ്ടത്.

പൗരോഹിത്യ ധർമ്മങ്ങളെയും സഭാ പ്രബോധനങ്ങളെയും അടുത്തകാലത്ത് പരസ്യമായി നിഷേധിച്ച വൈദികർ യൂറോപ്പിലുണ്ട്. സ്ത്രീകളുടെ പൗരോഹിത്യം അംഗീകരിക്കണം എന്നു പറഞ്ഞവർ സഭാ പ്രബോധനങ്ങൾ പരസ്യമായി നിഷേധിച്ചുകൊണ്ട് സ്ത്രീകൾക്ക് പൗരോഹിത്യപട്ടം നല്കുകയുമുണ്ടായി. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ അവസാനമായി അവരോട് പറഞ്ഞത് ഇങ്ങനെയാണ്, സ്ത്രീകൾക്ക് പൗരോഹിത്യം നല്കുന്നതിന് സഭയ്ക്ക് കർത്താവിൽനിന്നും അധികാരം ലഭിച്ചിട്ടില്ല, എന്നായിരുന്നു. അനുസരണക്കേട് സഭയെ നവീകരിക്കാനുള്ള മാർഗ്ഗമല്ല. നവീകരണത്തിനുള്ള ആകാംക്ഷയായിരിക്കാം ഈ വൈദികരെ ഇങ്ങനെ പ്രവർത്തിക്കാൻ പ്രചോദിപ്പിച്ചത്. പുരോഗതിയുടെ പാതയിൽ സഭ പഴഞ്ചനാണെന്നും പതുക്കെയാണെന്നും ഇക്കൂട്ടർ ചിന്തിക്കുന്നുണ്ട്. യഥാർത്ഥമായ നവീകരണത്തിന് ആവശ്യമായ സത്യത്തോടും ക്രിസ്തുവിനോടുമുള്ള



*Christ the Eternal Priest >*

പൗരോഹിത്യത്തിന്റെ അനുരൂപണം ഇവിടെ കാണുന്നില്ല, മറിച്ച് സ്വന്തം താല്പര്യങ്ങളും ആശയങ്ങളുമാണ് മുൻപന്തിയിൽ നില്ക്കുന്നത്. ദൈവഹിതത്തെയും വചനത്തെയും ഞെക്കിഞെരുക്കാനുള്ള മാനുഷിക സംരംഭങ്ങളെ ക്രിസ്തു എതിർത്തിട്ടുണ്ട്. ദൈവഹിതത്തോടുള്ള സമ്പൂർണ്ണ വിധേയത്വം പുനഃപ്രതിഷ്ഠിക്കാനാണ് ക്രിസ്തു തന്റെ ജീവൻ സമർപ്പിച്ചത്. മനുഷ്യന്റെ നിഷേധഭാവത്തോട് ക്രിസ്തു അനുസരണംകൊണ്ടും വിധേയത്വംകൊണ്ടുമാണ് പ്രത്യുത്തരിച്ചത്. അവിടുത്തെ ദൈവികതയിൽ വിധേയത്വവും വിനയവും പ്രകടമായിരുന്നു. ഈ വിധേയത്വത്തിലും വിനയത്തിലുമാണ് അവിടുന്ന് ദൈവഹിതം പൂർത്തീകരിക്കുന്നത്.




സഭയിൽ നവീകരണം നടന്നിട്ടുള്ളത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ്. മനുഷ്യരുടെ സജീവ പ്രസ്ഥാനങ്ങളിലൂടെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയുടെ അക്ഷയ ചൈതന്യമായി പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. എന്നാൽ യഥാർത്ഥമായ നവീകരണത്തിന്റെ ഫലപ്രാപ്തിക്ക് ആഴമായ വിശ്വാസവും മൗലികമായ അടിസ്ഥാനവും സജീവമായ പ്രത്യാശയും സ്നേഹത്തിന്റെ പിൻബലവും ആവശ്യമാണ്. ക്രിസ്തുവിനോടുള്ള അനുരൂപപ്പെടൽ ഏതു നവീകരണത്തിനും അനിവാര്യമായ വ്യവസ്ഥയാണ്. എന്നാൽ ക്രിസ്തുവിന്റെ വ്യക്തിത്വം നമ്മുടെ മാനുഷികതയിൽ സമുന്നതവും അപ്രാപ്യവുമായി തോന്നാം. അപ്പോഴും അവിടുത്തെ സമുന്നതമായ ദൈവിക വ്യക്തിത്വത്തിന് പരിഭാഷയും, പ്രാപ്യവുമായ മാതൃകകളുണ്ട്. ക്രിസ്തുവിനോടുള്ള സാരൂപ്യപ്പെടൽ മഹാരഹസ്യവും ദാനവുമാകയാൽ ചരിത്രത്തിൽ വിശുദ്ധാത്മാക്കൾ കാണിച്ചു തന്നിട്ടുള്ള അതിന്റെ സമാന്തര രൂപവും പരിഭാഷയും നമുക്ക് പ്രാപ്യവും അനുകരണീയവുമാണ്.

*< Ordained to serve in obedience*



*Unum Presyterium – to share the one priesthood of Christ – Chrism Holy Mass in Vatican*

വൻ വിജയങ്ങളുടെ പ്രകമ്പങ്ങളെക്കാൾ കടുകുമണിയുടെ ലാളിത്യമാണ് വിശുദ്ധാത്മാക്കളുടെ ചരിത്രത്തിൽ ക്രിസ്തു വെളിപ്പെടുത്തി തരുന്നത്. അത് ദൈവരാജ്യത്തിന്റെ രൂപവും ശൈലിയുമാണ് എന്നോർക്കണം. ക്രിസ്തുവിന്റെ ദാസന്മാരും ദൈവിക രഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമാണ് വൈദികർ എന്നാണ് പൗലോസ് അപ്പസ്തോലൻ പറഞ്ഞിട്ടുള്ളത് (1കൊറി.4, 1). വൈദികർ അവരുടെ അജപാലന ശുശ്രൂഷയിലൂടെയും പ്രബോധനങ്ങളിലൂടെയും ക്രിസ്തുവിന്റെ മുഖവും ഹൃദയവും ലോകത്തിനു കാണിച്ചുകൊടുക്കുന്ന ദൈവിക രഹസ്യങ്ങളുടെ കാര്യസ്ഥന്മാരാകണം. ഇന്ന് ലോകത്ത് ഏറെ മതാത്മകമായ അജ്ഞതയുണ്ട് എന്നത് വലിയ സത്യമാണ്. വിശ്വാസത്തെ സ്നേഹിച്ചുകൊണ്ടും അതിൽ ജീവിച്ചുകൊണ്ടുമാണ് നാം ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ ശ്രവിക്കുകയും ചെയ്യേണ്ടത്.



നവമായ ഉണർവോടും സന്തോഷത്തോടുംകൂടെ വിശ്വാസ സത്യങ്ങൾ പ്രഘോഷിക്കാൻ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ജൂബിലി വർഷത്തിൽ ആരംഭിക്കുന്ന വിശ്വാസവത്സരം സഹായിക്കട്ടെ. വിശ്വാസ സത്യങ്ങൾ തിരുവെഴുത്തുകളിലാണ് പ്രഥമമായും അടങ്ങിയിരിക്കുന്നത്. സഭയുടെ പ്രമാണരേഖകളിൽ, വിശിഷ്യ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിലും ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ഭരണകാലത്ത് ധാരാളമായി ഇറങ്ങിയിട്ടുള്ള അമൂല്യമായ പ്രബോധനങ്ങളിലും ദൈവിക രഹസ്യങ്ങൾ മനോഹരമായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണമായും നാം അവയെ പഠിച്ചിട്ടില്ല, മനസ്സിലാക്കിയിട്ടില്ല എന്നതാണ് സത്യം. എന്റെ പ്രബോധനങ്ങൾ എന്റേതല്ല, എന്നെ അയച്ചവന്റേതാണ്, (യോഹ. 7, 16) എന്നാണ് ക്രിസ്തു പറഞ്ഞത്. അതുപോലെ സഭയിലെ ശുശ്രൂകരായ വൈദികർ സ്വന്തമായ തത്വങ്ങളോ ആശയങ്ങളോ അല്ല പ്രഘോഷിക്കേണ്ടത്. അവർ സേവിക്കുന്ന സഭയുടെ ചിന്തകളാണ് പഠിപ്പിക്കേണ്ടത്. വൈദികൻ ക്രിസ്തുവിനാൽ നിറഞ്ഞവനും രൂപാന്തരപ്പെട്ടവനുമാണെങ്കിൽ പിന്നെ അവിടുത്തെ സന്ദേശവാഹകനും ആയിത്തീരണം. വൈദികർ ക്രിസ്തുവിലുള്ള വിശ്വാസംവഴിയും അവിടുത്തോടുള്ള സ്നേഹത്താലും പ്രേരിതരായി ജീവിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവർ വിശ്വാസയോഗ്യരായി തീരുന്നു.

*<“I look at Jesus and He looks at me. -Cure de Ars*

ആർസിലെ വികാരി, ജോൺ വിയാന്നി പണ്ഡിതനായിരുന്നില്ല ഹൃദയത്തിൽ ക്രിസ്തു നിറഞ്ഞ മനുഷ്യനായിരുന്നു. ക്രിസ്തുവിനാൽ നിറഞ്ഞിരുന്നതിനാൽ എല്ലാവരും അദ്ദേഹത്തെ ശ്രവിച്ചു. ജോൺ വിയാന്നി സാധരണ ജനങ്ങളുടെ ഹൃദയത്തെ സ്പർശിച്ചു. അവർക്ക് സൗഖ്യവും സമാശ്വാസവും പകർന്നു.

വൈദികർ ആത്മാക്കൾക്കായി തീകഷണതയുള്ളവരായിരിക്കണം. സമഗ്ര പുരോഗതിക്കായി പരിശ്രമിക്കുമ്പോഴും ആത്മാവും ശരീരവുമുള്ള മനുഷ്യൻ നിത്യത ലക്ഷ്യമാക്കി ജീവിക്കേണ്ടവനാണ്. ആത്മരക്ഷയാണ് നിത്യത. കാരണം ശരീരത്തോടൊപ്പം ആത്മാവും ഉള്ളവനാണല്ലോ മനുഷ്യൻ. അതുകൊണ്ടു തന്നെ ആത്മാക്കൾക്കായുള്ള തീക്ഷ്ണത പഴഞ്ചൻ ആശയമായി കാണരുത്. പീഡിതരുടേയും രോഗികളുടേയും അടിച്ചമർത്തപ്പെട്ടവരുടേയും വിമോചനത്തിനായി പ്രവർത്തിക്കുമ്പോഴും, സത്യത്തിനും സ്നേഹത്തിനുംവേണ്ടിയുള്ള മനുഷ്യദാഹം മറക്കാനാവില്ല. ഉണർവ്വോടെ നമ്മുടെ കർമ്മപദ്ധതികളിലേയ്ക്കു കടക്കാം. എന്നാൽ കടമകൊണ്ടു മാത്രമല്ല വൈദികൻ ശുശ്രൂഷ ചെയ്യേണ്ടത്. വൈദികരെ സംബന്ധിച്ചിട്ടത്തോളം സമയമോ തനിക്കുള്ളതോ വസ്തുവകകളോ ഒന്നും അയാളുടേതല്ല. വൈദികൻ തനിക്കായുള്ളവനല്ല, മറിച്ച് ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും വേണ്ടിയുള്ളതാണ്. കർത്താവിന്റെ സുവിശേഷജോലിയിൽ സന്തുഷ്ടരാക്കണമേ, എന്നു പ്രാർത്ഥിക്കാം. അങ്ങനെ അവിടുത്തെ സത്യത്തിന്റേയും സ്നേഹത്തിന്റേയും തീക്ഷ്ണതയുള്ള വൈദികരായി ജീവിക്കാൻ ദൈവം ഇടയാക്കട്ടെ!



*And He called "Come, follow me." - Robert Powell as Christ*

## അടിവര



## ഫാദർ ജെയിക്കബ് സ്രാമ്പിക്കലിന് അന്ത്യാഞ്ജലി

ഭാരതത്തിന്റെ കത്തോലിക്കാ ആശയവിനിമയ ശാസ്ത്ര ഗുരു, ജേക്കബ് സ്രാമ്പിക്കലിന് അന്ത്യാഞ്ജ്ജലി. റോമിലെ പൊന്തിഫിക്കൽ ഗ്രിഗോരിയൻ യൂണിവേഴ്സിറ്റിയിൽ മാധ്യമ വിഭാഗം മുൻമേധാവിയായും പ്രഫസറായും സേവനംചെയ്തിരുന്ന ഈശോ സഭാംഗം ഫാദർ സ്രാമ്പിക്കൽ മസ്തിഷ്ക്കാഘാതം മൂലമാണ് ഏപ്രിൽ 14-ാം തിയതി രാവിലെ ഓസ്ട്രിയയിൽവച്ച് മരണമടഞ്ഞത്. വിശുദ്ധവാര അജപാലന ശുശ്രൂഷയ്ക്കായി ഓസ്ട്രിയായിൽ എത്തിയതായിരുന്ന ഫാദർ സ്രാമ്പിക്കൽ. 62-വയസ്സുള്ള ഫാദർ സ്രാമ്പിക്കൽ കേരളത്തിലെ കണ്ണൂർ ജില്ലയിൽ ആലക്കോടു സ്വദേശിയും ഈശോ സഭയുടെ പട്ന പ്രോവിൻസ് അംഗവുമാണ്.

*< The visionary of Catholic Media world*

കത്തോലിക്കാ മാധ്യമ പ്രവർത്തകുരുടെ ആഗോള സംഘടനായ സീഗ്നിസിന്റെ (Signis International) ദേശീയ പ്രസിഡന്റായും ഏഷ്യൻ പ്രസിഡന്റായും, സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾക്കായുള്ള പൊന്തിഫക്കൽ കൗൺസിൽ അംഗമായും ഫാദർ സ്രാമ്പിക്കൽ സേവനംചെയ്തിട്ടുണ്ട്. ഭാരതത്തിലെ ദേശീയ മെത്രാൻ സമിതിയുടെ കീഴിൽ ഹരിയാനയിലുള്ള മാധ്യമ പരിശീലന സ്ഥാപനമായ നിസ്ക്കോർട്ടിന്റെ (National Institute of Social Communications and Research Training) സ്ഥാപക ഡയറക്ടറാണ് ഫാദർ സ്രാമ്പിക്കൽ. വരുന്ന ജൂണിൽ വീണ്ടും നിസ്ക്കോർട്ടിന്റെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാനിരിക്കെയാണ് അദ്ദേഹത്തിന്റെ അന്ത്യം.

ആശയവിനമയ ശാസ്ത്രത്തെയും മാധ്യമ പഠനത്തെയും അധികരിച്ചുള്ള 15 ഗ്രന്ഥങ്ങളുടെ കർത്താവും 'കമ്പാനിയൻ' എന്ന ഇംഗ്ലിഷ് മാസികയുടെ ഉപജ്ഞാതാവുമാണ് ഫാദർ സ്രാമ്പിക്കൽ. ഡൽഹിയിലെ മീഡിയ ഹൗസിൽ പ്രസാധനത്തിനു തിയ്യാറായിരിക്കുന്ന ഫാദർ സ്രാമ്പക്കിലിന്റെ അവസാനത്തെ രണ്ടു ഗ്രന്ഥങ്ങളാണ് The Prophetic Media, Family and Communications എന്നിവ. ഇംഗ്ലണ്ടിലെ ലീഡ്സ് യൂണിവേഴ്സിറ്റിയിൽനിന്നും ആശയവിനമയ ശാസ്ത്രത്തിൽ ഡോക്ടർ ബിരുദവും പൂനെ അക്കാഡമിയിൽനിന്നും ചലച്ചിത്ര ശാസ്ത്രത്തിൽ ഉപരിപഠനവും നടത്തിയിട്ടുള്ള ഫാദർ സ്രാമ്പിക്കൽ ഭാരതത്തിലെ കത്തോലിക്കാ മാധ്യമ പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയ ആചാര്യനാണ്.



*Fr. Jacob in a communications session in the Pontifical Gregorian University in one of the last sessions*

ഏപ്രിൽ 20-ാംം തിയതി വെള്ളിയാഴ്ച പ്രാദേശിക സമയം രാവിലെ 10.30-ന് റോമിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ ദേവാലയത്തിൽവച്ച് നടത്തപ്പെടുന്ന അന്തിമോപചാര ശുശ്രൂഷയ്ക്കുശേഷം ഫാദർ സ്രാമ്പിക്കലിന്റെ ഭൗതീക ദേഹം റോമിൽ സംസ്ക്കരിക്കും. ഭാരത സഭയ്ക്കും ആഗോള സഭയ്ക്കും ആധുനിക വിവര സാങ്കേതികതയുടെ ശരിയായ ദർശനം പകർന്നു നല്കിയ കമ്യൂണിക്കേഷൻസ് ഗുരുവിന് വത്തിക്കാൻ റേഡിയോ മലയാള വിഭാഗത്തിന്റെ ആദരാഞ്ജലി!